**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3905** **27.06.2012-ൽ മറുപടിക്ക്**

## കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ പനി ബാധിതർക്ക് പ്രത്യേക ചികിത്സാ സംവിധാനം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ പനി ബാധിതരുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനം കൈക്കൊള്ളുമോ ? | കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ പനി ബാധിതരെ ചികിത്സിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആശുപത്രിയിൽ പ്രത്യേക ഫീവർ ക്ലിനിക്ക് തുടങ്ങി. സ്പെഷ്യൽ ഫീവർ വാർഡ് തുടങ്ങാൻ നടപടി ആരംഭിച്ചിട്ടുണ്ട്. പുതിയതായി ജില്ലയിൽ അനുവദിച്ചിട്ടുള്ള സ്റ്റാഫിൽ നിന്നും ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവരെ ഉൾപ്പെടെ അധികമായി നിയമിക്കുന്നതിനും ആവശ്യമായ മരുന്ന് ലഭ്യമാക്കുന്നതിനും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ